# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 256 | 30.11.2015-ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങളും കുട്ടികളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ഒരു വർഷം കുട്ടികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളുടെ എണ്ണമെത്രയാണ്; മുൻവർഷത്തിലേതുമായുള്ള താരതമ്യം ലഭ്യമാക്കാമോ; | (എ) | കഴിഞ്ഞ ഒരു വർഷം കുട്ടികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളുടെ എണ്ണം 821 ആണ്. മുൻ വർഷത്തിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | പ്രായപൂർത്തിയാവാത്ത കുട്ടികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളുടെ നിരക്ക് വർദ്ധിച്ചു വരുന്ന സാഹചര്യമാണോ നിലവിലുള്ളത്; എങ്കിൽ കാരണം എന്താണെന്നുള്ളത് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | പ്രായപൂർത്തിയാകാത്ത കുട്ടികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളുടെ നിരക്ക് വർദ്ധിച്ചു വരുന്ന സാഹചര്യം നിലവിലില്ല. |
| (സി) | കുറ്റകൃത്യങ്ങൾ തടയുന്നതിനും കുട്ടികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളുടെ വർദ്ധനവ് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | സ്കൂളുകളും, കോളേജുകളും കേന്ദ്രീകരിച്ച് സ്കൂൾ/ കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെയും, അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെയും, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെയും സഹകരണത്തോടെ ബോധവൽക്കരണ ക്ലാസുകൾ കുട്ടികളുടെ ഇടയിൽ നടത്തിവരുന്നതും, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കൗൺസിലിംഗിനും മറ്റും വിധേയമാക്കുകയും ചെയ്തു വരുന്നു. കൂടാതെ ജനമൈത്രി പോലീസ് പദ്ധതിയിലൂടെയും മറ്റും വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ബോധവൽക്കരണ ക്ലാസുകളും നടത്തുന്നുണ്ട്. |
| (ഡി) | സൈബർ കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ തടയുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | ക്ളീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി മുതലായ പദ്ധതികളുമായി ബന്ധപ്പെട്ട് സെമിനാറുകൾ, ഘോഷയാത്രകൾ എന്നിവ സംഘടിപ്പിച്ച് വിദ്യാർത്ഥികളെ സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും, സൈബർ കുറ്റകൃത്യങ്ങളിൽ അറിഞ്ഞും അറിയാതെയും ഉൾപ്പെട്ടു പോകുന്നതിനുള്ള സാധ്യതകളെക്കുറിച്ചും ആയത് തടയുന്നതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചും, സൈബർ സുരക്ഷയെ സംബന്ധിച്ചും സ്കൂൾ തലത്തിലും, കോളേജ് തലത്തിലും ക്ലാസുകൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ